**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891** **29-08-2022 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിൽ വീടില്ലാത്തതും സ്ഥലമില്ലാത്തതുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്തതും സ്ഥലമില്ലാത്തതുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | വിവരം **അനുബന്ധമായി** ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ടി മണ്ഡലത്തിൽ സർക്കാരിന്റെ വീട്/സ്ഥലം ലഭിയ്ക്കുന്നതിനുള്ള ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ടെന്നും; ഇവർക്ക് വീട്, സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ബി) | നിലവിൽ ഭവനധനസഹായം ലഭ്യമാക്കുന്നത് ലൈഫ് മിഷനിലൂടെയാണ്. വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലൂടെ ഭൂമിയും അനുവദിച്ചു വരുന്നു. ലൈഫ് മിഷൻ മുഖേനയും വകുപ്പ് മുഖേനയും ആനുകൂല്യം അനുവദിക്കുന്നത് ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ്. ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് ടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**മങ്കട നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്തതും സ്ഥലമില്ലാത്തതുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ക്രമ നമ്പർ | പഞ്ചായത്ത് | പട്ടികജാതി കുടുംബങ്ങൾ | | പട്ടികവർഗ്ഗ കുടുംബങ്ങൾ | |
|---|---|---|---|---|---|
| | | ഭവനരഹിതർ | ഭൂരഹിതർ | ഭവന രഹിതർ | ഭൂരഹിതർ |
| 1 | കുറുവ | 160 | 90 | | |
| 2 | കൂട്ടിലങ്ങാടി | 120 | 70 | | |
| 3 | മൂർക്കനാട് | 188 | 110 | | |
| 4 | മങ്കട | 150 | 60 | 3 | 1 |
| 5 | പുഴക്കാട്ടിരി | 98 | 60 | | |
| 6 | മക്കരപ്പറമ്പ് | 38 | 77 | | |
| 7 | അങ്ങാടിപ്പുറം | 180 | 90 | | |
| | ആകെ | **934** | **557** | **3** | **1** |

സെക്ഷൻ ഓഫീസർ